മാതൃഭൂമി

2015 മെയ് 20 ബുധനാഴ്ച 1190 എടവം 6 | www.mathrubhumi.com | Mathrubhumi, The National Daily in Malayalam | വില: ₹ 6.00

Kozhikode ◆ Kochi ◆ Thiruvananthapuram ◆ Thrissur ◆ Kannur ◆ Kottayam ◆ Malappuram ◆ Kollam ◆ Palakkad ◆ Alappuzha ◆ Mumbai ◆ Chennai ◆ Bangalore ◆ Delhi ◆ Dubai ◆ Qatar തിരുവനന്തപുരം ◆ പേജ് 24 (നഗരം, സപ്ലിമെന്റ് ഉൾപ്പെടെ)



# ജയിലുകളിലെ നൂതന പദ്ധതികൾ വിജയം - രമേശ് ചെന്നിത്തല

**കാട്ടാക്കട:** ജയിൽ ജീവനക്കാരുടെ ശമ്പള പരിഷ്കരണം സർക്കാരിന്റെ സജീവ പരിഗണനയിലാണെന്ന് മന്ത്രി രമേശ് ചെന്നിത്തല പറഞ്ഞു.

നെട്ടുകാൽത്തേരി തുറന്ന ജയിലിൽ വിത്തുതേങ്ങ ഉത്പാദന തോട്ടം ഉൾപ്പെടെയുള്ള പദ്ധതികൾ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. ജീവനക്കാർക്ക് കാന്റീൻ സൗകര്യവും യൂണിഫോം അലവൻസും ലഭ്യമാക്കാനും നടപടി ഉണ്ടാകും.

ജയിലുകളിൽ പുതിയ പദ്ധതികൾ നടപ്പിലാക്കുന്നതിലൂടെ തടവുകാർക്ക് പുതിയ സ്വയംതൊഴിൽ സംരംഭങ്ങളും വരുമാനവും ആർജിക്കാനാവും. കേരളത്തിലെ ജയിലുകളിൽ പ്രത്യേകിച്ച് തുറന്ന ജയിലിൽ നടപ്പാക്കുന്ന പദ്ധതികളിലൂടെ ജയിൽ വകുപ്പിന് വരുമാനം കൂടിയിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു.

പത്തുവർഷം പൂർത്തിയാക്കിയ തടവുകാരെ വിട്ടയക്കണമെന്നാണ് സർക്കാരിന്റെ നയം. എന്നാൽ ഇതിന് സുപ്രീംകോടതിയുടെ മാർഗനിർദേശങ്ങൾ തടസ്സമാവുകയാണെന്നും രമേശ് ചെന്നിത്തല പറഞ്ഞു.

ജയിൽ വകുപ്പ് കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രത്തിന്റെ സഹകരണത്തോടെയാണ് വിത്തുതേങ്ങ ഉത്പാദന തോട്ടം ആരംഭിക്കുന്നത്. ഹൈടെക് ഫാം, അന്തേവാസികൾക്കുള്ള ഡൈനിങ് ഹാൾ എന്നിവയും മന്ത്രി ഉദ്ഘാടനം ചെയ്തു. ഡ്രൈവിങ് ലൈസൻസ്, സർട്ടിഫിക്കറ്റുകൾ എന്നിവയും വിതരണം ചെയ്തു.



നെട്ടുകാൽത്തേരി തുറന്ന ജയിലിൽ വിത്തുതേങ്ങ ഉത്പാദന തോട്ടം ഉൾപ്പെടെയുള്ള പദ്ധതികൾ മന്ത്രി രമേശ് ചെന്നിത്തല ഉദ്ഘാടനം ചെയ്യുന്നു

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അൻസജിത റസ്സൽ അധ്യക്ഷയായി. കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം ഡയറക്ടർ ഡോ. പി.ചൗഡപ്പ മുഖ്യാതിഥിയായി. ജയിൽ ഡി.ജി.പി. ടി.പി.സെൻകുമാർ, പ്രോഗ്രാം ഓഫീസർ വിദ്യാധരൻ, ഗ്രാമപ്പഞ്ചായത്ത് പ്രസിഡന്റ് ബി.വിനോദ്കുമാർ, കള്ളിക്കാട് ഭുവനേന്ദ്രൻ, ഡി.ഐ.ജി. എച്ച്.ഗോപകുമാർ, സിക്ക ഡയറക്ടർ ബി.പ്രദീപ്, തുറന്ന ജയിൽ സൂപ്രണ്ട് എ.ജി.സുരേഷ്, ചാത്ര ഉദയൻ തുടങ്ങിയവർ സംസാരിച്ചു.